I/7485/2023


കേരള സർക്കാർ
ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്
ശാന്തി നഗർ, തിരുവനന്തപുരം - 695001
ഫോൺ: 0471-2330558, 0471-2331104
Email:cei.kerala@kerala.gov.in
ceikerala@gmail.com
Website: www.ceikerala.gov.in


An IS 15700 : 2018 Certified Department

**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ നടപടിക്രമം**

**ഹാജർ : അനിൽകുമാർ വി സി**

വിഷയം : ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - ജീവനക്കാര്യം- ജൂനിയർ സൂപ്രണ്ട് , ഹെഡ് ക്ലർക്ക് തസ്തികകളിൽ സ്ഥാനക്കയറ്റം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം : 1. മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ്സ് ലബോറട്ടറി ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 11.01.2023 ലെ e -mail സന്ദേശം
2. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 02.08.2022 ലെ E3- 15931/2022/CEi നമ്പർ ഉത്തരവ്

**<u>ഉത്തരവ് നമ്പർ ഇ2-1/2023/ സി ഇ ഐ തീയതി 21/01/2023</u>**

ഈ വകുപ്പിൽ, തിരുവനന്തപുരം മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ്സ് ലബോറട്ടറി കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീ. രാജ് എം എസ് 09.01.2023 ന് അസുഖബാധിതനായി മരണപെട്ടതിനെ തുടർന്ന് വകുപ്പിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. ടി ഒഴിവിൽ ജൂനിയർ സൂപ്രണ്ട് ആയി സ്ഥാനക്കയറ്റം ലഭിക്കുന്നതിന് പരാമർശം (2) ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച ഹെഡ് ക്ലർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ സീനിയർ ആയിട്ടുള്ള തിരുവനന്തപുരം ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ഹെഡ് ക്ലാർക്ക് ശ്രീ ബൈജു ജി എസ് നാണ് അർഹതയുള്ളത്. ടിയാൻ ഹെഡ് ക്ലർക്ക് തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, തിരുവനന്തപുരം ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ഹെഡ് ക്ലർക്ക് ശ്രീ ബൈജു ജി എസ് ( PEN 105161) ന് ഹെഡ് ക്ലർക്ക് തസ്തികയിലെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ 43400-91200/- രൂപ ശമ്പളനിരക്കിൽ ജൂനിയർ സൂപ്രണ്ട് ആയി സ്ഥാനക്കയറ്റം നൽകി തിരുവനന്തപുരം മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ്സ് ലബോറട്ടറി കാര്യാലയത്തിൽ നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു .

ശ്രീ ബൈജു ജി എസിനു ജൂനിയർ സൂപ്രണ്ട് ആയി സ്ഥാനക്കയറ്റം നൽകുന്നത് മൂലം തിരുവനന്തപുരം ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ ഉണ്ടാകുന്ന ഒഴിവിൽ, സീനിയർ ക്ലർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ഏറ്റവും സീനിയർ ആയിട്ടുള്ള തൃശ്ശൂർ ജില്ലാ കാര്യാലയത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി അഖില ശങ്കുണ്ണി ( PEN 218906) യെ 39300- 83000/- രൂപ ശമ്പളനിരക്കിൽ ഹെഡ്ക്ലർക്ക് ആയി സ്ഥാനക്കയറ്റം നൽകി നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു.

ഈ ഉത്തരവ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലവിലുള്ള OP(KAT) 44/2018 നമ്പർ കേസിലെ അന്തിമവിധിക്ക് വിധേയമായിരിക്കുന്നതാണ്.

**Signed by Anil Kumar V C**
**Date: 21-01-2023 15:03:49**
**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ**

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (മേലധികാരി മുഖേന)

I/7485/2023

1. ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്‌പെക്ടർ, തിരുവനന്തപുരം
2. ഇലക്ട്രിക്കൽ ഇൻസ്‌പെക്ടർ , തൃശ്ശൂർ/എം ടി എസ് എൽ
3. ചീഫ് ഇലക്ട്രിക്കൽ ഇൻസ്‌പെക്ടറുടെ / അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്‌പെക്ടറുടെ സി എ
4.ഇ3 സെക്ഷൻ
5. കരുതൽ/ അധികം